LIBRARY ARCHIVES Kerala Legislative Assembly

### റവന്യൂ പുറമ്പോക്ക് ഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടികൾ

338 (948) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് മോയൻസ് ഹയർ സെക്കൻഡറി സ്കൂളുകളിലെ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുന്നതിനായി പുതിയ ക്ലാസ്സ് മുറികൾ നിർമ്മിക്കുന്ന ആവശ്യത്തിലേയ്ക്കായി സ്കൂളിനോട് ചേർന്ന് കിടക്കുന്ന റവന്യൂ പുറമ്പോക്ക് ഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചോ?വിശദാംശങ്ങൾ ലഭ്യമാക്കുമോ?

19-7-2021-ലെ സ.ഉ. (കൈ) നമ്പർ 130/2021/റവന്യൂ പ്രകാരം പാലക്കാട്-1 വില്ലേജിൽ ബ്ലോക്ക് നമ്പർ 79-ൽ റീസർവ്വേ നമ്പർ 12-ൽപ്പെട്ട (പഴയ സ.നമ്പർ 2105/1 എ 2, ബി1) 0.1214 ഹെക്ടർ (12.14 ആർ) ഭൂമി ഗവൺമെന്റ് മോയൻസ് സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിനായി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരവും നിലവിലുള്ള നിബന്ധനകൾക്ക് വിധേയമായും ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി കൈവശാവകാശം പൊതുവിദ്യാഭ്യാസ വകുപ്പിന് കൈമാറി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

### സുനാമി കോളനികൾ

339 (949) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ എത്ര സുനാമി കോളനികൾ ഉണ്ടെന്നറിയിക്കാമോ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ആകെ 47 സുനാമി കോളനിയുണ്ട്.

(ബി) പ്രസ്തുത കോളനികളിൽ എത്ര വീടുകൾ ഉണ്ട്; ആയതിന്റെ വിശദാംശം വില്ലേജ് തിരിച്ച് നൽകാമോ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 47 കോളനികളിലായി ആകെ 1088 സുനാമി വീടുകളുണ്ട്. അയണിവേലിക്കുളങ്ങര വില്ലേജിൽ 272 വീടുകളും കരുനാഗപ്പള്ളി വില്ലേജിൽ 11 വീടുകളും കുലശേഖരപുരം വില്ലേജിൽ 274 വീടുകളും ക്ലാപ്പന വില്ലേജിൽ 203 വീടുകളും ആദിനാട് വില്ലേജിൽ 328 സുനാമി വീടുകളുമാണുള്ളത്.